**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2334** **16-03-2022 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 27/11/2020 ലെ പി എഫ് 10/10103/2020 നമ്പരായി അടിമാലിയിലെയും മറയൂരിലെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് 2012, 2016 ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക ഒടുക്കിയ ചെല്ലാൻ സാക്ഷ്യപ്പെടുത്തിയ ഷെഡ്യൂൾ ആവശ്യപ്പെട്ട് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | അടിമാലി ഗ്രാമപഞ്ചായത്തിൽ നിന്നും ചലാൻ സാക്ഷ്യപ്പെടുത്തിയ ഷെഡ്യൂൾ സഹിതം മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ മറയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്ക് ചലാൻ ഷെഡ്യൂളുകൾ ലഭ്യമായിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ കത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആവശ്യപ്പെട്ട ചലാനുകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിന് മറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് പഞ്ചായത്ത് ഡയറക്ടർ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | മറുപടി ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട തുക ജീവനക്കാരന്റെ പി.എഫ്. ൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | അടിമാലി ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയ തുക ജീവനക്കാരന്റെ പി. എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മറയൂർ ഗ്രാമപഞ്ചാത്തിൽ നിന്നും ആവശ്യപ്പെട്ട ചലാനുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുക ജീവനക്കാരന്റെ പി. എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ